

ഏപ്രിൽ 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

വലിയ നോമ്പിലെ പീഡാനുഭവ വാരത്തിലേക്ക് നാം പ്രവേശിക്കുന്നു. യേശു കർത്താവിന്റെ പീഡാനുഭവത്തെയും ക്രൂശു മരണത്തെയും ഉയിർത്തെഴുന്നേല്പിനെയും അനുസ്മരിക്കുന്ന സമയമാണിത്. അറുതിയില്ലാത്ത മനുഷ്യസ്നേഹത്താൽ ലോകത്തിന്റെ രക്ഷയ്ക്കായി യേശു സ്വമനസ്സാ കഷ്ടതയും മരണവും സഹിച്ചു. റോമാ സാമ്രാജ്യത്തിന്റെ കിരാത ഭരണക്രമ കീഴ്‌വഴക്കങ്ങൾക്ക് സ്വയം സമർപ്പിക്കുവാൻ മടികാണിക്കുന്ന യേശു, രാജ്യദ്രോഹിയായി മുദ്രകുത്തപ്പെടുന്നു. മത നേതൃത്വവും സ്വന്തം അനുയായികൾ പോലും ഒറ്റുകാരായി. സത്യവും നീതിയും സമാധാനവും മുറുകെ പിടിച്ച് നിലപാടുകളിൽ ഉറച്ച് നില്ക്കുന്ന യേശുവിന് ക്രൂശ് ഒരു അനിവാര്യതയായി. സഹനങ്ങളിൽ വഴിമാറാതെ സഹജർക്ക് വേണ്ടി സ്വജീവനെ ബലിദാനമാക്കിയവന്റെ ത്യാഗത്തിന്റെ ഓർമ്മപ്പെടുത്തലാണ് ക്രൂശ്. മനുഷ്യൻ കടന്ന് പോകുന്ന സഹനാനുഭവങ്ങൾക്ക് അർത്ഥവും സാംഗത്യവുമുണ്ടെന്നും, ദുരന്തപര്യവസായിയായിത്തീരാവുന്ന സാഹചര്യങ്ങൾക്കും പുത്തൻ സാധ്യതകളുണ്ടെന്നും മാറി ചിന്തിക്കുവാൻ നമ്മെ പഠിപ്പിക്കുന്ന ദിനങ്ങളാണിവ. കഷ്ടത സഹിപ്പാനും, താഴ്മയിൽ ക്രിസ്തുവിനോട് സാദൃശ്യപ്പെടുവാനും, കുരിശിൽ പ്രശംസിപ്പാനും, മൃതാവസ്ഥയിൽ നിന്നും സജീവതയിലേക്കുണരുവാനും, പുനരുത്ഥാനത്തിലാനന്ദിക്കുവാനും ഈ നാളുകളിലെ ശുശ്രൂഷകൾ മുഖാന്തരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പീഡാനുഭവ വാരത്തിലെ പ്രത്യേക ശുശ്രൂഷകളിൽ എല്ലാവരും ഒരുക്കത്തോടും പ്രാർത്ഥനയോടും സംബന്ധിക്കുകയും അവ നമ്മെത്തന്നെ വിമലീകരിക്കുന്നതിന് സഹായകരമായിത്തീരുകയും ചെയ്യണം. നമ്മുടെ നോമ്പും ഉപവാസവും അപരന്റ നൊമ്പരങ്ങളിൽ അൻപായി തീരണം. നമുക്ക് ദൈവം നല്കിയ വകകളെ ദൈവത്തിന് യാഗമായി സമർപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. വിശുദ്ധവാരത്തിലെ പ്രത്യേക സ്തോത്രകാഴ്ചകളിലും ദുഖവെള്ളിയാഴ്ചയിലെ ധർമ്മശേഖരണത്തിലും എല്ലാവരും ആത്മാർഥമായി പങ്കെടുക്കുകയും സമൂഹത്തിലെ ദുഖിതർ, പീഡിതർ, അശരണർ എന്നിവർക്ക് ഒരു അത്താണിയാകുകയും വേണം. അതിന് നമ്മെത്തന്നെ സമർപ്പിക്കാം. ഏവർക്കും ഈസ്റ്റർ ആശംസകൾ.

ഒരു അദ്ധ്യയന വർഷം കൂടി അവസാനിക്കുന്നു. സ്കൂൾ തലങ്ങളിൽ വാർഷിക പരീക്ഷകൾ കഴിഞ്ഞു. കലാലയങ്ങളിലെ പാഠ്യ-പാഠ്യേതര പ്രക്രിയകളോടും സൗഹൃദങ്ങളോടും വിടചൊല്ലി മദ്ധ്യവേനലവധിയിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ പ്രവേശിക്കുന്നു. അവധിക്കാലം ക്രിയാത്മകമായി വിനിയോഗിക്കുവാൻ മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം. അവധിക്കാല വേദപഠന ക്ലാസ്സുകൾ (വി. ബി. എസ്) ആരംഭിക്കുകയാണല്ലോ. അതിലേക്ക് കുഞ്ഞുങ്ങളെ അയയ്ക്കുവാൻ മാതാപിതാക്കൾ ഉത്സാഹിക്കണം. 111-ാമത് മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസ് ആലുവയിലുള്ള സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ വെച്ച് മേയ് മാസം 22 മുതൽ 25 വരെ നടത്തപ്പെടുന്നു. പരമാവധി വിദ്യാർത്ഥികൾ സ്റ്റുഡന്റ്സ് കോൺഫറൻസിൽ സംബന്ധിക്കണം. വളർന്നു വരുന്ന തലമുറകളുടെ ആരാധനാ പങ്കാളിത്തത്തിനും, വിശ്വാസ വളർച്ചയ്ക്കും, ആദ്ധ്യാത്മിക രൂപപ്പെടലിനും വേണ്ട ഉത്തരവാദിത്വം കൂട്ടായി ഏറ്റെടുക്കുവാൻ നാം എല്ലാവരും ഉത്സാഹിക്കണം. നമ്മുടെ വൈദിക പാഠശാലകളും, ബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടുകളും അതിന്റെ കർമ്മ സരണിയിൽ ഒരു വർഷം കൂടി പിന്നിടുന്നു. ദൈവരാജ്യ കെട്ടുപണിയിൽ കർമ്മ നിരതരാകുവാനുള്ള വിളിയും നിയോഗവുമാണ് നമുക്കെല്ലാവർക്കുമുള്ളത്. അതിൽത്തന്നെ വിശ്വാസ സമൂഹത്തെ ദൈവരാജ്യ പ്രവർത്തനങ്ങളിൽ ഒരുക്കുവാനുള്ള ഉത്തരവാദിത്വമാണ് വൈദികരുടേത്. പട്ടക്കാരെ പരിശീലിപ്പിക്കുന്ന ശുശ്രൂഷയിൽ കോട്ടയം വൈദിക സെമിനാരി 97 വർഷങ്ങളും ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠ് 23 വർഷങ്ങളും പിന്നിടുന്നു. നമ്മുടെ സെമിനാരികളുടെ ഈ വർഷത്തെ ബിരുദദാന ചടങ്ങുകൾ മാർച്ച് 26 ന് ഫരീദാബാദിലും, മാർച്ച് 29 ന് കോട്ടയത്തും വെച്ച് നടത്തപ്പെട്ടു. പഠനം പൂർത്തിയാക്കി കർമ്മ സരണിയിലേക്കിറങ്ങുന്ന വിദ്യാർത്ഥികളെയും സെമിനാരി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ പ്രിൻസിപ്പാൾമാർ, ഫാക്കൽറ്റി അംഗങ്ങൾ എന്നിവരെയും അഭിനന്ദിക്കുന്നു. സഭയുടെ ശുശ്രൂഷയിൽ സെമിനാരിയിലൂടെ ലഭിക്കുന്ന പരിശീലനം കാലാനുസൃതവും അനുഗ്രഹകരവുമാകുവാൻ സഭയായി ഏവരും പ്രാർത്ഥിക്കുകയും ഹോശാന ഞായറാഴ്ചയിലെ പ്രത്യേക സ്തോത്രകാഴ്ചയിലൂടെ സെമിനാരിയെ സഹായിക്കുകയും വേണം.

മാർച്ച് മാസം 1 മുതൽ 15 വരെ യു. കെ. യിലുള്ള നമ്മുടെ ഏതാനും ഇടവകകൾ സന്ദർശിക്കുന്നതിനും അതിനോടനുബന്ധിച്ച് യു. കെ. - യൂറോപ്പ് സോണൽ സെന്ററിന്റെയും ബിഷപ്സ് ഹൗസിന്റെയും ഉദ്ഘാടനം

നിർവ്വഹിക്കുന്നതിനും സാധിച്ചു. ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്ക്കോപ്പാ തിരുമേനിയും ബ്രിട്ടീഷ് പാർലമെന്റ് അംഗം ശ്രീമതി സീമാ മൽഹോത്രയും, സോണൽ ചുമതലക്കാരും ആവശ്യമായ നേതൃത്വം നല്കി. ആ മേഖലയുടെ ചിരകാല സ്വപ്നമായിരുന്ന പദ്ധതികൾ സാധ്യമാക്കിയ അഭി. ഫിലക്സിനോസ് തിരുമേനിയെയും ചുമതലക്കാരെയും വിശ്വാസ സമൂഹത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ മേഖലയിലുള്ള എല്ലാ ഇടവകകളിൽ നിന്നും വൈദീകരും പ്രാതിനിധ്യസ്വഭാവത്തോടെ ജനങ്ങളും വന്ന് സംബന്ധിച്ചു എന്നത് സന്തോഷകരമായ സംഗതിയത്രെ. ലണ്ടൻ ഫിറ്റ്സ്റോയ് സ്ക്വയറിലുള്ള ഇൻഡ്യൻ വൈ. എം. സി. എ. ചാപ്പലിൽ വെച്ച് 1957 ലാണ് നമ്മുടെ സഭാംഗങ്ങൾ ഒരുമിച്ച് ചേർന്ന് മാർത്തോമ്മാ സഭയുടെ ആരാധനയ്ക്കും കൂട്ടായ്മയ്ക്കും യു. കെ. യിൽ തുടക്കം കുറിച്ചത്. പ്രസ്തുത കൂട്ടായ്മയെ 1978 ൽ ഒരു കോൺഗ്രിഗേഷനായും, തുടർന്ന് ഒരു ഇടവകയായും സഭ അംഗീകരിച്ചു. ഇപ്പോൾ യു. കെ. – യൂറോപ്പ് സോണിൽ ഇംഗ്ലണ്ട്, അയർലൻണ്ട്, സ്വിറ്റ്സർലണ്ട്, ജർമ്മനി എന്നിവിടങ്ങളിലായി 13 ഇടവകകളും 6 കോൺഗ്രിഗേഷനുകളുമുണ്ട്. ഇതിന്റെ എണ്ണം വർദ്ധിക്കുവാൻ ഇനിയും സാധ്യത കൂടുതലാണ്. ഈ മേഖലയിൽ എക്യൂമെനിക്കൽ രംഗത്തും ശ്രദ്ധേയമായ അംഗീകാരം മാർത്തോമ്മാ സഭയ്ക്കുണ്ട്. ഒരു കുടിയേറ്റ സഭ എന്നതിലുപരി Churches Together in England (CTE), Churches Together in Britain and Ireland (CTBI), National Council of Churches എന്നിവയുടെ ഭാഗമാകുന്നതിനും തദ്ദേശീയ ഇടപെടലുകളിൽ സജീവമാകുന്നതിനും മാർത്തോമ്മാ സഭയ്ക്ക് സാധിക്കുന്നു. ആഗോള ആംഗ്ലിക്കൻ സഭയുമായി കമ്മ്യൂണിയൻ ബന്ധത്തിൽ നിലനിൽക്കുന്നതിനും, മാരാമൺ കൺവൻഷനിൽ ആംഗ്ലിക്കൻ സഭയുടെ നേതാക്കൾ ദൈവവചനം പങ്കിടുന്നതിനും സാധിച്ചിട്ടുണ്ട്. ലാംബത്ത് കോൺഫറൻസിൽ മാർത്തോമ്മാ സഭയുടെ ബിഷപ്പുമാർ സംബന്ധിച്ച് വരുന്നു. ഈദൃശ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഫലപ്രദമാകും എന്നതിന് സംശയമില്ല. യൂ. കെ. യൂറോപ്പ് സന്ദർശനത്തോടനുബന്ധിച്ച് കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജസ്റ്റിൻ വെൽബിയെ സന്ദർശിക്കുകയും അതിലൂടെ എക്യുമെനിക്കൽ ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിന് ഇടയാകുകയും ചെയ്തു. 2024 ൽ കേരളം സന്ദർശിക്കുന്നതിനും നമ്മുടെ അതിഥിയായി വരുന്നതിനും ക്ഷണം നല്കിയിട്ടുമുണ്ട്.

എറണാകുളം ജില്ലയിലെ ബ്രഹ്മപുരം, കേരള സംസ്ഥാനത്തുയർത്തിയ പ്രതിസന്ധികൾ ഇതുവരെയും കെട്ടടങ്ങിയിട്ടില്ല. ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാർച്ച് രണ്ടാം തീയതി തുടങ്ങിയ തീ അനിയന്ത്രിതമായി പടരുകയും പ്ലാസ്റ്റിക് മാലിന്യം 50 അടിയോളം ഉയരത്തിൽ മല പോലെ കിടന്ന ഭാഗത്ത് തീ പടരുകയുമായിരുന്നു. ഏക്കർ കണക്കിന് പ്രദേശത്താണ് പ്രളയമാലിന്യങ്ങൾ ഉൾപ്പെടെ മാലിന്യം കൂട്ടിയിട്ടിരിക്കുന്നത്. മാലിന്യപ്ലാന്റിൽ തീപിടുത്തം ഉണ്ടായി മണിക്കൂറുകൾക്കുള്ളിൽ തന്നെ വിഷപ്പുക ആ പ്രദേശമാകെ നിറഞ്ഞിരുന്നു. ബ്രഹ്മപുരത്തെ തീപിടുത്തം എറണാകുളം പട്ടണത്തിലും പരിസര പ്രദേശങ്ങളിലും പാർക്കുന്നവരിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യത്തിന് തീ പിടിച്ചതുമൂലം വൻ പാരിസ്ഥിതിക ആഘാതവും ഉണ്ടായിരിക്കുന്നു. മാലിന്യത്തിന്റെ കുന്നുകൂടൽ ആധുനിക ലോകത്തിന്റെയും വികസനത്തിന്റെയും മറുപുറമായി നാം കാണുമ്പോൾത്തന്നെ അവ സൃഷ്ടിക്കുന്ന ഗുരുതരമായ ഭീഷണി നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി തന്നെ നിലനിൽക്കും. കേരളം പോലെ വിദ്യാസമ്പന്നമായ ഒരു സംസ്ഥാനത്തു അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പ്രതീകമായി ബ്രഹ്മപുരം തീ മാറിയെങ്കിൽ അത് നമുക്കുണ്ടായ സാമൂഹിക സാംസ്കാരിക അപചയത്തെ കൂടി സൂചിപ്പിക്കുന്നു. ഒരു ദേശത്തിന്റെ വളർച്ച എന്നതിനപ്പുറം സ്വന്തം താത്പര്യങ്ങൾ എങ്ങനെ സംരക്ഷിക്കാം എന്നതിൽ നാം ജാഗരൂകരാകുമ്പോൾ ദേശം വീർപ്പുമുട്ടും. അത്തരം ഒരു വീർപ്പുമുട്ടലിന്റെ പ്രതീകമാണ് ബ്രഹ്മപുരം. ഒപ്പം അപര്യാപ്തമായ പ്ലാനിങ്ങിന്റെ മകുടോദാഹരണവും.

ഈ കാലഘട്ടത്തിന്റെ എറ്റം ശ്രദ്ധ പതിപ്പിക്കേണ്ട ഒരു വിഷയമത്രെ മാലിന്യ നിർമാർജ്ജനം. ഭവനങ്ങളിലും മറ്റു ഉറവിടങ്ങളിലും ഖര, ദ്രവ മാലിന്യങ്ങളെയും പ്ലാസ്റ്റിക്കുകളെയും വേർതിരിച്ചു ആരംഭിക്കേണ്ട ഈ ഒരു പ്രക്രിയ ഊർജത്തിന്റെ ബദൽ ഉല്പാദനത്തിലേക്കാണ് വഴി തെളിക്കേണ്ടത്. ഇത്തരം ഒരു പ്രക്രിയയെ മനുഷ്യ പങ്കാളിത്തവും മെഷീനുകളുടെ സഹായവും ഉപയോഗിച്ച് കാര്യപ്രാപ്തിയിലെത്തിക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു ഗവണ്മെന്റ് സംവിധാനങ്ങളും പരാജയമായിത്തീരുന്നു എന്നത് ഏറെ ദുഃഖകരമത്രെ. ഇവിടെ ഇച്ഛാശക്തിയുള്ള ഒരു ജനസമൂഹം ഉയർന്നുവരണം. മാലിന്യങ്ങൾ കുറച്ചുമാത്രം സൃഷ്ടിക്കുന്ന ജീവിത ശൈലി സ്വീകരിക്കണം. കാര്യപ്രാപ്തിയുള്ള, അഴിമതിരഹിത ഗവണ്മെന്റുകളെ രൂപപ്പെടുത്തുവാൻ ഇച്ഛാശക്തിയുള്ള ജനതയാണ് ഇന്നിന്റെ ആവശ്യം. അതുണ്ടായാൽ വികസന സങ്കൽപ്പങ്ങളും ജീവിത ക്രമങ്ങളും ഒക്കെ തിരുത്തി എഴുതപ്പെടും. ജീവൻ തിരികെ പിടിക്കുന്ന ഒരു ഹരിത രാഷ്ട്രീയ പ്രക്രിയ സാധ്യമാകുകയും ചെയ്യും.

വിലക്കയറ്റവും നാണയപ്പെരുപ്പവും ഇന്ത്യയിൽ എല്ലാ ജനവിഭാഗങ്ങളെയും വല്ലാത്ത പ്രയാസത്തിലാക്കുന്നു. അതിന്റെ ദൂഷ്യവശങ്ങൾ ഏറെ ബാധിച്ചത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെയാണെന്നുള്ളത് ദുഃഖകരമാണ്. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത സാഹചര്യത്തിൽ ഇവരുടെ അനുദിന ജീവിതം ദുസ്സഹമാകുന്നു. മഹാരാഷ്ട്രയിലെ കർഷകർ പ്രതീകാത്മകമായി കൃഷി നശിപ്പിച്ചതും കാൽനടയായി പ്രതിഷേധ പ്രകടനം നടത്തിയതും വാർത്തയായിരുന്നല്ലോ. കേരളത്തിലെ കർഷകരും ബുദ്ധിമുട്ടിലാണ്. വന്യജീവി ആക്രമണങ്ങളും അവർക്ക് നേരിടേണ്ടി വരുന്നു. ഒരു സമൂഹത്തിന്റെ നട്ടെല്ല് കർഷകരാണെന്നുള്ള ബോധ്യം നമുക്കേവർക്കും ഉണ്ടാകണം. നാണ്യവിളകൾക്കു ന്യായമായ വില ഉറപ്പാക്കുന്നതോടൊപ്പം കർഷകരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിൽ ഗവർണ്മെന്റുകൾ ജാഗ്രത പാലിക്കേണ്ടതാവശ്യമാണ്.

കേരളത്തിൽ ആത്മഹത്യ ചെയ്യുന്നവരുടെ, അല്ലെങ്കിൽ ആത്മഹത്യക്ക് ശ്രമിക്കുന്നവരുടെ എണ്ണം അനുദിനം വർധിക്കുന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ദിവസവും ഏതാണ്ട് 24 പേർ ഇവിടെ ജീവിതം അവസാനിപ്പിക്കുന്നു. ഇതിൽ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ, തൊഴിലില്ലാത്തവർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ

തുടങ്ങി നാനാതുറകളിലുമുള്ള വ്യക്തികളുണ്ട്. ഓരോ ആത്മഹത്യയും ആത്മഹത്യാശ്രമവും മററനേകം പേരെ നേരിട്ടോ പരോക്ഷമായോ ബാധിക്കുന്നു, നിരവധി ആളുകളുടെ ജീവിതത്തെ എന്നെന്നേക്കുമായി മാററിമറിക്കുന്നു. ഇത്ര വലിയൊരു പ്രതിസന്ധിയുടെ മധ്യത്തിലും ആത്മഹത്യയും ആത്മഹത്യാ ശ്രമങ്ങളും സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രതിസന്ധി നേരിടുന്നതിൽ കേരളം തോറ്റുപോകുന്നുവോ എന്നുപോലും തോന്നിപ്പോകുന്നു. ആത്മഹത്യയും ആത്മഹത്യാ ശ്രമങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ തീവ്രത ഒരു ആത്മീയ പ്രശ്നമായി ത്തന്നെ സഭ കാണേണ്ടിയിരിക്കുന്നു.

ഇതര മത വിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങളും സംഘർഷങ്ങളും ഇന്ത്യയിൽ തുടർക്കഥയാകുന്നു. മത ബോധ്യങ്ങൾക്കപ്പുറം പലപ്പോഴും രാഷ്ട്രീയമായ കാരണങ്ങളാണ് സംഘർഷങ്ങൾക്ക് പ്രേരകമായിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ഇത്തരം സംഘർഷങ്ങൾ വലിയ വിഭാഗീയതയ്ക്കും വിദ്വേഷങ്ങൾക്കും കാരണമാകുന്നു. മാത്രമല്ല ചില ന്യൂനപക്ഷ വിഭാഗങ്ങൾ എന്നും ഇരകളായിത്തീരുന്നു എന്നത് ഒട്ടും ആശാസ്യവുമല്ല. റിപ്പോർട്ട് ചെയ്യപ്പെട്ട പല കേസുകളിലും പ്രഥമ വിവര റിപ്പോർട്ടുകൾപോലും എഴുതുവാൻ ചുമതലപ്പെട്ടവർ മടി കാണിക്കുന്നു എന്ന സന്ദേഹം വർദ്ധിക്കുന്നുണ്ട്. ഇന്ത്യയെ പോലെ വൈവിധ്യങ്ങൾ ഏറെയുള്ള ഒരു രാജ്യത്ത് എല്ലാ സമൂഹങ്ങളെയും വിശ്വാസത്തിലെടുക്കാതെ പ്രവർത്തിക്കാം എന്ന് വിചാരിക്കുന്നത് മൗഢ്യമാണ്. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഒപ്പം മത നേതാക്കൾ പ്രസ്താവനകളിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നത് ഏറെ അഭികാമ്യമാണ്.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ (എൻ. സി സി. ഐ) ജനറൽ അസംബ്ലി ഏപ്രിൽ 21 മുതൽ 24 വരെ ഹൈദരബാദിൽ നടക്കുന്നു. നമ്മുടെ സഭയെ പ്രതിനിധീകരിച്ച് അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 18 അംഗങ്ങൾ പങ്കെടുക്കുന്നു. യൂത്ത് പ്രീ അസംബ്ലിയിൽ രണ്ട് യുവജനങ്ങളും സംബന്ധിക്കുന്നുണ്ട്. ‘നാഴിക വന്നു ...എഴുന്നേല്പിൻ നമുക്ക് പോകാം’ (മർക്കോസ് 14:41-42) എന്നതത്രേ അസംബ്ലിയുടെ പ്രധാന ചിന്താവിഷയം. പീഡാനുഭവങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിലും യേശു കർത്താവാണ് നമുക്ക് മുമ്പേ യാത്ര ചെയ്യുന്നത്. പിതാവാം ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് പ്രതിസന്ധികളെ അഭിമുഖീകരിക്കുവാൻ യേശുവിനെ പ്രേരിപ്പിക്കുന്നത്. ‘എഴുന്നേറ്റു നടക്കുവാൻ’ കൂടെയുള്ള ശിഷ്യരെ പ്രേരിപ്പിക്കുന്ന കർത്താവ് നമുക്കെന്നും പ്രചോദനമത്രെ. പ്രതിസന്ധികളിൽ പതറാതെ പ്രതീക്ഷകളെ കൈവിടാതെ നമുക്കും യാത്ര തുടരാം. അതിനായുള്ള ആഹ്വാനമാണ് 29-ാമത് ജനറൽ അസംബ്ലി ക്രൈസ്തവ സഭകൾക്ക് മുന്നിൽ വെയ്ക്കുന്നത്. അസംബ്ലിയുടെ അനുഗ്രഹകരമായ നടത്തിപ്പിനായി നമുക്ക് പ്രാർത്ഥിക്കാം.

2023 ആഗസ്റ്റ് മാസം 30-ാം തീയതി തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ കൂടുന്ന സഭാ പ്രതിനിധി മണ്ഡലത്തിന്റെ പ്രത്യേക സമ്മേളനത്തിൽ വെച്ച് എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് നടത്തുവാൻ മാർച്ച് മാസം 23 -ാം തീയതി കൂടിയ സഭാ കൗൺസിൽ തീരുമാനിച്ചു. റവ. സാജു സി പാപ്പച്ചൻ, റവ. ഡോ. ജോസഫ് ഡാനിയേൽ, റവ. മാത്യു കെ. ചാണ്ടി എന്നിവരാണ് എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കുള്ള നിർദ്ദേശിതർ. നോമിനേഷൻ പ്രക്രിയയിൽ ഇതുവരെയും വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. തുടർന്നുള്ള നടപടിക്രമങ്ങളും ദൈവഹിതാനുസരണം പൂർത്തിയാക്കുവാൻ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം. സഭയുടെ ആവശ്യം തിരിച്ചറിഞ്ഞ് എല്ലാ മണ്ഡലാംഗങ്ങളും പ്രവർത്തിക്കുകയും സഭയുടെ കെട്ടുപണിയിൽ പ്രാർത്ഥനാപൂർവ്വം പങ്കാളികളാകുകയും ചെയ്യണം. ഈ വർഷത്തെ സഭാ പ്രതിനിധി മണ്ഡലം ആഗസ്റ്റ് 29, സെപ്തംബർ 1, 2 തീയതികളിൽ നടത്തപ്പെടുന്നതുമാണ്.

മാർത്തോമ്മാ ഹയർ എഡ്യൂക്കേഷൻ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സഭയുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ ഒരു സംഗമം മാർച്ച് മാസം 25 -ാം തീയതി തിരുവല്ലാ മാർത്തോമ്മാ കോളേജിൽ വെച്ച് നടത്തി. മാർത്തോമ്മാ മെത്രാപ്പോലീത്താ, അഭി. മാർ പൗലോസ് എപ്പിസ്ക്കോപ്പാ, എം. ജി. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ്, കെ. യു. റ്റി. മുൻ വൈസ് ചാൻസലർ ഡോ. കുഞ്ചെറിയ പി. ഐസക്ക്, ഡോ. ഐസി കെ. ജോൺ എന്നിവർ നേതൃത്വം നല്കി. ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സ്ഥാപനങ്ങളുടെ വർത്തമാനകാല പ്രവർത്തനങ്ങളും, അവ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും സമഗ്രമായി ചർച്ച ചെയ്യുന്നതിനും വരും നാളുകളിൽ മെച്ചമായ പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്ത് സമഗ്ര സംഭാവനകൾ നല്കുന്നതിനുമുള്ള പ്രചോദനം ഉൾക്കൊള്ളുന്നതിനും കൂടിവരവ് സഹായകരമായി. സജീവ സേവനത്തിൽ നിന്നും വിരമിച്ചവരെയും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പാഠ്യ - പാഠ്യേതര രംഗങ്ങളിൽ മികവ് തെളിയിച്ചവരെയും ആദരിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു. നമ്മുടെ സഭാംഗങ്ങളായിട്ടുള്ള പ്രഗദ്ഭരായ വ്യക്തിത്വങ്ങൾ വിദ്യാഭ്യാസ മേഖലയിൽ സമഗ്രസംഭാവന നല്കിയിട്ടുള്ളവരുണ്ട്. അങ്ങനെയുള്ളവരെ കണ്ടെത്തി അവരുടെ സേവനങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. നമ്മുടെ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കുകയും കാലാന്തരത്തിൽ ഓട്ടോണമസ് കോളേജുകളും, മാർത്തോമ്മാ യൂണിവേഴ്സിറ്റിയും യാഥാർത്ഥ്യമാക്കിത്തീർക്കുകയും വേണം. അതിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് എല്ലാവരിൽ നിന്നും സഭ ആഗ്രഹിക്കുന്നത്.

ഇടയാറന്മുള ളാക സെന്റ് തോം മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. റെജി ജോർജ്ജ് ഭാരത വൈ. എം. സി. എ യുടെ ട്രഷറാർ ആയി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഭാഗ്യസ്മരണീയരായ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെയും, പത്മഭൂഷൺ അഭി. ഡോ. ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെയും സ്മരണാർത്ഥം അനുസ്മരണ പ്രഭാഷണങ്ങൾ ഏപ്രിൽ മാസത്തിൽ യഥാക്രമം കോഴഞ്ചേരിയിലും റാന്നിയിലും വെച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. അവരുടെ ത്യാഗോജ്ജ്വലമായ സേവനങ്ങളുടെയും ഒളിമങ്ങാത്ത ദർശനങ്ങളുടെയും അർത്ഥവത്തായ ദൗത്യമാതൃകകളുടെയും ദീപ്തസ്മരണകൾ തിരുസഭയെ

കാലികവും, കരുത്തുള്ളതും, കർമ്മനിരതവുമാക്കട്ടെയെന്ന് പ്രാർത്ഥിക്കാം. സീറോ മലബാർ സഭയുടെ സീനിയർ ബിഷപ്പും ചങ്ങനാശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പുമായിരുന്ന മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ദേഹവിയോഗം ക്രൈസ്തവ സമൂഹത്തിനാകമാനം വലിയ ഒരു നഷ്ടം തന്നെയാണ്. 1972 ൽ മേല്പട്ടത്വ സ്ഥാനത്തേക്ക് പ്രവേശിച്ച തിരുമേനി ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായും കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ ബിഷപ്പായും പ്രവർത്തിച്ചിട്ടുണ്ട്. മലങ്കര മാർത്തോമ്മാ സഭയുടെ ഒരു ഉറ്റ മിത്രമായിരുന്നു അഭിവന്ദ്യ പൗവ്വത്തിൽ പിതാവ്. ലാളിത്യം, വിനയം, സഹജീവിസ്നേഹം, ആർദ്രത എന്നിവ തിരുമേനിയിൽ നിഴലിച്ചിരുന്നു. വികസന പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ രംഗങ്ങളിലും ശ്രദ്ധേയമായ നേതൃത്വം നല്കിയ ആചാര്യ ശ്രേഷ്ഠനാണദ്ദേഹം. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ദേഹവിയോഗത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

ഏപ്രിൽ മാസത്തേക്കുള്ള വേദപുസ്തക പാഠങ്ങളും ധ്യാനങ്ങളും കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും ഉയർത്തെഴുന്നേല്പും മനുഷ്യവർഗ്ഗത്തിനു നൽകിയ നന്മകൾ ധ്യാനിക്കുന്നതിനു സഹായകരമാണ്. ഏപ്രിൽ 2 ഞായറാഴ്ച ഹോശാന ഞായർ ആണല്ലോ. കർത്താവായ യേശുവിന്റെ യെരുശലേമിലേക്കുള്ള രാജകീയ എഴുന്നെള്ളത്ത് നാം അനുസ്മരിക്കുന്നു. ഇതൊരു ശക്തിപ്രകടനമോ സ്വയം പ്രദർശനത്തിന്റെ വേളയോ ആയിരുന്നില്ല. പ്രവചനത്തിന്റെ പൂർത്തീകരണമായി, യേശു തന്റെ നിയോഗത്തെ വ്യക്തമാക്കുകയായിരുന്നു. അഹംഭാവത്തോടെ സ്വയത്തെ ഉയർത്തുന്നതും വിനയത്തോടെ സത്യത്തെ ഉയർത്തി കാണിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ഗർവത്തെ ഛേദിച്ച്, നീതി, താഴ്മ, വിനയം ഇവയെ മഹത്വീകരിക്കുന്നതിന്റെ പ്രതീകമാണ് കഴുതയുടെ മേലുള്ള യെരുശലേം പ്രവേശനം. നിത്യരക്ഷയുടെ ഓഹരിക്കാരാകാൻ, യേശുവിന്റെ ഈ ഭാവത്തോട് താദാത്മ്യപ്പെടുകയാണ് ആവശ്യം എന്ന് ഈ ദിവസം നമുക്ക് ധ്യാനിക്കാം.

ഏപ്രിൽ 9 ഉയിർപ്പു പെരുന്നാൾ ആയി നാം കൊണ്ടാടുന്നു. കർത്താവിന്റെ കുരിശിനെ കേവലം ഒരു ശിക്ഷാ ഉപകരണം എന്ന നിലയിൽ നിന്ന് രക്ഷയുടെ സ്ലീബയായി ലോകം കണ്ടത് ഉയിർത്തെഴുന്നേൽപ്പ് മൂലമാണ്. ദൈവവിരുദ്ധ ലോകത്തിന്റെ ദുഷിച്ച അധികാര ശക്തികൾക്കോ, ദുഷിച്ചുപോയ മതഘടനകൾക്കോ സത്യത്തെ കുഴിച്ചുമൂടാൻ കഴിയുകയില്ല എന്ന് ഉയിർത്തെഴുന്നേൽപ്പ് ഇന്നും നമ്മെ പഠിപ്പിക്കുന്നു. തകർത്തുകളയാൻ കഴിയാത്ത ജീവൻ ദൈവ ബന്ധത്തിൽ അനുഭവിക്കാൻ സാധിക്കും. സകല വിമോചന പോരാട്ടങ്ങൾക്കും ഉത്തേജനവും പ്രചോദനവും ആകാൻ ഉയിർത്തെഴുന്നേൽപ്പിന് കഴിയുന്നുണ്ട്. വ്യക്തിജീവിതങ്ങളിലെ ദൈനംദിന സംഘർഷങ്ങളിൽ സത്യത്തിന്റെ പിൻബലത്തോടെ നിലനിൽക്കുവാൻ ഉയിർപ്പു പെരുന്നാൾ നമുക്ക് പ്രചോദനം നൽകട്ടെ.

ഏപ്രിൽ 16 പുതുഞായറാഴ്ചയാണ്. 'യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ്' എന്നതാണ് ചിന്താവിഷയം. പാപംമൂലം ദൈവസാന്നിധ്യ ബലം നഷ്ടപ്പെട്ടുപോയ മനുഷ്യൻ ദൈവസന്നിധിയുടെ അനുഗ്രഹം വീണ്ടും പ്രാപിക്കുകയാണ്. തന്റെ സ്വന്ത സ്വരൂപത്തിൽ സൃഷ്ടിച്ച്, സാദൃശ്യം നൽകി നിയോഗിച്ച മനുഷ്യനെ ദൈവം ഉപേക്ഷിക്കുന്നില്ല. യാക്കോബിനെ യാബോക് കടവിൽ കണ്ടുമുട്ടി, ഇസ്രായേൽ എന്നു പേരുനൽകി അനുഗ്രഹിച്ച ദൈവം യഥാസ്ഥാനപ്പെടുത്തുന്നവൻ ആണ്. സംശയിച്ച തോമസ് അപ്പോസ്തലനെ, അദ്ദേഹത്തിന്റെ ആഗ്രഹം പോലെ, മുറിപ്പാടുകൾ കാണിച്ച് കർത്താവ് യഥാസ്ഥാനപ്പെടുത്തുന്നു. വിശ്വാസ നിലപാടുകളിലെ ആത്മാർഥത അംഗീകരിക്കുന്ന കർത്താവ് തന്റെ സ്നേഹത്തിന്റെ പൂർണതയിലേക്കു നമ്മെ നയിക്കുവാൻ ഇന്നും നമ്മെ തേടി വരുന്നു എന്നറിയുവാൻ പുതുഞായറാഴ്ച്ച നമുക്ക് ഇടയാകണം.

ഏപ്രിൽ 23 ഞായറാഴ്ച, സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തുന്ന കർത്താവിനെ നാം ധ്യാനിക്കുന്നു. നിരാശ ബാധിച്ച പത്രോസും സഹശിഷ്യന്മാരും തിബര്യാസ് കടലിൽ മീൻ പിടിക്കാൻ പോയതും നിരാശ വർദ്ധിച്ചുവന്നതും യേശു ആ സാഹചര്യത്തിന് മാറ്റം വരുത്തുന്നതുമാണ് ഏവൻഗേലിയോൻ പ്രസ്താവിക്കുന്നത്. സകല സാഹചര്യങ്ങളുടെ മേലും നിയന്ത്രണമുള്ളവൻ ദൈവമാണ്. ദൈവത്തിലുള്ള ആശ്രയം മാത്രമാണ് മുമ്പോട്ട് പോകുവാൻ നമ്മെ സഹായിക്കുന്നത്. ദൈവരഹിത പരിശ്രമങ്ങൾ ഒഴിഞ്ഞ പടകുകളെ സൃഷ്ടിക്കുമ്പോൾ, ദൈവത്തിലുള്ള ആശ്രയം നിറവിനെ നൽകും. ദൈവത്തിൽ വിശ്വസിച്ച്, സാഹചര്യങ്ങളെ അഭിമുഖീകരിച്ചു അതിജീവിക്കുവാൻ ഉയിർത്തെഴുന്നേറ്റ കർത്താവ് നമുക്ക് പ്രചോദനം നൽകുന്നുണ്ട്.

ഏപ്രിൽ 30 ഞായറാഴ്ച സഹയാത്രികനായ ഉയിർത്തെഴുന്നേറ്റ കർത്താവിനെ നാം ധ്യാനിക്കുകയാണ്. എമ്മവുസ്സിലേക്ക് പോയ ശിഷ്യർ ആശയക്കുഴപ്പത്തിൽ ആയിരുന്നു. യെരുശലേമിൽ സംഭവിച്ച കാര്യങ്ങൾ അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അവരോടൊപ്പം ചേർന്നു നടന്ന ഉയിർത്തെഴുന്നേറ്റ കർത്താവ്, തിരുവചന വെളിച്ചത്തിൽ അവരുടെ ഉൾക്കണ്ണുകളെ തുറക്കുകയും അപ്പം നുറുക്കി കൊടുത്ത് അവരെ ഉറപ്പിക്കുകയും ചെയ്തു. ഇന്നും കർത്താവ് തിരുവചനം വ്യാഖ്യാനിക്കുന്നതിലൂടെയും അപ്പം നുറുക്കുന്നതിലൂടെയും നമ്മോടു കൂടെയിരുന്ന്, നമ്മെ ദൗത്യത്തിനായ് ശക്തീകരിക്കുന്നു. കൂടെ യാത്ര ചെയ്യുന്ന കർത്താവിനെ തിരിച്ചറിയാൻ വചനത്തിനു കാത് തുറക്കുകയും, തിരുമേശയിൽ പങ്കു ചേരുകയും ചെയ്യാൻ ദൈവം നമുക്ക് കൃപ തരുമാറാകട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
29.03.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**